പ്രസിദ്ധീകരണങ്ങൾ മുതലായവയ്ക്കായും അവയുടെ അനുഗ്രഹത്തിനായും ഞങ്ങൾ അപേക്ഷിക്കുന്നു.

**ജനം** : *ദൈവമേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ*

**ലീഡർ** : യുവജനസഖ്യത്തിന് ഇപ്പോൾ നേതൃത്വം നൽകുന്ന അഭിവന്ദ്യ പ്രസിഡന്റ് തിരുമേനി, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറിമാർ, ട്രഷറാർ, കമ്മിറ്റി അംഗങ്ങൾ, ഓഫീസ് സ്റ്റാഫ്, മറ്റ് പ്രവർത്ത കർ എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു.

**ജനം** : *ദൈവമേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ*

**ലീഡർ** : എല്ലാ യുവജനങ്ങൾക്കായും അവരുടെ ജോലിസാഹചര്യങ്ങൾ, പഠന മേഖലകൾ എന്നിവയ്ക്കായും പ്രത്യേകിച്ച് ഭവനത്തിൽ നിന്ന് വിദൂരതയിൽ കഴിയുന്ന എല്ലാ യുവജനങ്ങൾക്കായും ഞങ്ങൾ അപേക്ഷിക്കുന്നു.

**ജനം** : *ദൈവമേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ*

**ലീഡർ** : വിവാഹ ജീവിതത്തിനായി തയ്യാറെടുക്കുന്നവർക്കായും വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ചവർക്കായും ദൈവത്തോട് അപേക്ഷിക്കാം. കുടുംബജീവിത്തിന്റെ ധന്യതകൾ അനുഭവിക്കാൻ ദൈവം സഹായിക്കണമെന്നും സാക്ഷ്യജീവിതത്തിൽ നിലനില്ക്കാൻ തുണയ്ക്കണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു

**ജനം** : *ദൈവമേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ*

**സമർപ്പണ പ്രാർത്ഥന**

ദൈവമേ, എപ്പോൾ വേണമെങ്കിലും ഞങ്ങൾ വീണുപോകാൻ സാദ്ധ്യതയുള്ള ബലഹീനരാണ്. എങ്കിലും അങ്ങയുടെ കരങ്ങളിൽ ഞങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു. അവിടുന്ന് ഞങ്ങളെ ബലപ്പെടുത്തേണമേ. യൗവനം നിന്റെ ദാനമാണ്; അതിന്റെ സാദ്ധ്യതകൾ നിനക്കായി നല്കാൻ ഞങ്ങളെ പ്രചോദിപ്പിക്കേണമേ. അവിടുത്തെ പരിശുദ്ധറൂഹായാൽ ഞങ്ങളെ തെറ്റുകളിൽ നിന്ന് വിടുവിക്കേണമേ. ലോകത്തിന്റ മായാക്കാഴ്ചകളിൽ നിന്ന് ഞങ്ങളുടെ കണ്ണിനേയും ലോകത്തിന്റെ ഇഷ്ടങ്ങളിൽ നിന്ന് ഞങ്ങളുടെ മനസ്സിനേയും ലോകത്തിന്റെ സുഖങ്ങളിൽ നിന്ന് ഞങ്ങളുടെ ശരീരത്തേയും കാത്തുസൂക്ഷിക്കുവാൻ അവിടുന്ന് ഞങ്ങൾക്ക് കാവലായിരിക്കേണമേ..യേശുവിന്റെ നാമത്തിൽ തന്നേ..**ആമേൻ**

**ത്രിത്വത്തിനു സ്തുതി.....** (പരസ്യാരാധന ക്രമം പുറം 17)

**ഞങ്ങളുടെ കർത്താവായ(മോറാൻ)യേശു......** (പരസ്യാരാധന ക്രമം പുറം 21)

**പരിശുദ്ധാത്മാവിനുവേണ്ടിയുള്ള അപേക്ഷകൾ** III (പരസ്യാരാധന ക്രമം പുറം 23)

**സകലത്തിന്റെയും ഉടയവനായ .............** (പരസ്യാരാധന ക്രമം പുറം 27)



## മാർത്തോമ്മാ യുവജനസഖ്യം

# യുവജനഞായർ

### 2011 ഒക്ടോബർ 16

# ആരാധന ക്രമം

*പരസ്യാരാധന ക്രമവുമായി ചേർന്ന് ഈ ക്രമം ഉപയോഗിക്കണം*

**ആരാധനാഹ്വാനം**

മനസ്സും ശരീരവും, ആത്മാവും ദൈവസന്നിധിയിൽ സമർപ്പിക്കുന്ന നിമിഷമാണ് ആരാധന. ദൈവത്തിന്റെ ശബ്ദം കേൾക്കുകയും തിരിച്ചറിയുകയും ചെയ്യുന്ന നാഴികയാണത്. ദൈവീകാനുഭവങ്ങളുടെ പകർച്ച സംഭവിക്കുന്നതും ഈ നിമിഷത്തിലാണ്. ദൈവസന്നിധിയിൽ ഏകാഗ്രഹൃദയത്തോടെ അടുത്തുവരാം. ഒരു നിമിഷം മൗനമായി നമുക്ക് പ്രാർത്ഥിക്കാം.

(അല്പസമയം മൗനമായി നിന്നതിനുശേഷം)

**പാട്ട് : ക്രി. കീ.**

**കൗമാ**

**അപേക്ഷ** (പരസ്യാരാധന ക്രമം പുറം 4)

**പ്രാർത്ഥന**

സർവ്വത്തിനും കാരണഭൂതനും സർവ്വത്തിനും പൂർണത നൽകിയവനുമായ ഞങ്ങളുടെ ഉടയവനായ ദൈവമേ, അവിടുത്തെ വചനം ഇല്ലായ്മയിൽ നിന്ന് ഉണ്മയും, ക്രമരാഹിത്യത്തിൽ നിന്ന് ക്രമവും, അപൂർണതയിൽ നിന്ന് പൂർണതയും ഉളവാക്കിയതാകുന്നു. അവിടുത്തെ ഇടപെടൽ ഈ ചരിത്രത്തിന് ചൈതന്യം നല്കുകയും അവിടുത്തെ നിയോഗം എല്ലാറ്റിനും അതാതിന്റെ ഭാഗധേയം നല്കുകയും ചെയ്തതിനെ ഞങ്ങൾ സ്മരിക്കുന്നു.

മനുഷ്യരുടെ ബലഹീനതയിൽ ബലമായി ചേർന്നിരിക്കുകയും കുറവുകളെ നിറവുകളാക്കുകയും ചെയ്യുന്ന ദൈവമേ, അവിടുത്തെ ദിവ്യസ്പർശനത്താലും സാമീപ്യത്താലും ഞങ്ങളെ ശക്തീകരിക്കേണമേ. യൗവ്വനത്തിന്റെ സാദ്ധ്യതകൾ നിനക്കുള്ള സ്തോത്രകാഴ്ചകളായി സമർപ്പിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ നീ രൂപപ്പെടുത്തണമേ. അതിനായി ഞങ്ങളുടെ മനസ്സുകളെ രൂപാന്തരപ്പെടുത്തണമേ. ദൈവം ഞങ്ങളുടെ ജീവിതത്തിന്റെ സാരാംശമായിരിപ്പാനും ദൈവവചനം ഞങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനവുമായിരിപ്പാൻ ഞങ്ങളെ തുണയ്ക്കണമേ.

ക്രിസ്തുവിന്റെ സഹനങ്ങൾക്ക് പങ്കുകാരാകുവാനും സഹനവഴികളിലെ സഹയാത്രികരാകുവാനും ഞങ്ങൾക്ക് പ്രചോദനം നല്കേണമേ. മായാക്കാഴ്ചകളുടെ ലോകത്ത് ഞങ്ങൾക്ക് തെളിമയുള്ള കാഴ്ചകളെ പകർന്നു തരേണമേ. അങ്ങയുടെ കണ്ണിൽക്കൂടി ഈ ലോകത്തെക്കാണുവാൻ ഞങ്ങളെ സഹായിക്കണമേ. വേറിട്ട ചിന്തകളും ശൈലികളും വാക്കുകളും നിലപാടുകളും രൂപപ്പെടുത്തുവാൻ ഞങ്ങൾക്ക് നീ പരിജ്ഞാനം നല്കണമേ. യേശുവിൻ മൂലം ഞങ്ങളപേക്ഷിക്കുന്നു.....**ആമേൻ.**

**പാപം ഏറ്റുപറച്ചിൽ**

"അപ്പാ ! ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു, ഇനിയും നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെ പ്പോലെ എന്നെ ആക്കേണമേ..."നാം നഷ്ടപ്പെടുത്തിയ പിതാവിന്റെ സ്നേഹകൂടാരങ്ങളിലേക്ക് നമുക്ക് മടങ്ങാം. വഴിക്കണ്ണുമായി നമുക്കായി കാത്തിരിക്കുന്ന പിതാവിന്റെ സ്നേഹത്തിലേക്ക് നമുക്ക് തിരികെ നടക്കാം.

*(ഓരോ അനുതാപപ്രാർത്ഥനയ്ക്കും "ദൈവമേ... ഞങ്ങളോട് ക്ഷമിക്കേണമേ" എന്ന് പ്രതിവാക്യമായി പറയാം.)*

**ലീഡർ :** ദൈവമേ, അവിടുന്ന് ഞങ്ങൾക്ക് ആരോഗ്യവും ആയുസ്സും തന്നിട്ടും ആരാധനയ്ക്കും ദൈവവചനപഠനത്തിനും പ്രാർത്ഥനയ്ക്കും സമയം കണ്ടെത്താതിരുന്നതും ലഭ്യമായ അവസരങ്ങളെ അഗണ്യമാക്കിക്കളഞ്ഞതും.......

**ജനം :** "ദൈവമേ...കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ"

**ലീഡർ :** ശാസ്ത്രസാങ്കേതികവിദ്യയും-വിവരസാങ്കേതിക മാധ്യമങ്ങളും അങ്ങയുടെ ദാനമായിരിക്കെ, അറിവിന്റെയും വിജ്ഞാനത്തിന്റെയും ദൃശ്യശ്രാവ്യമാധ്യമങ്ങളെ ഞങ്ങൾ ദുരുപയോഗം ചെയ്തതും അതുമൂലം ഞങ്ങളുടെ കാഴ്ചകളും ചിന്തകളും വികാരങ്ങളും മ്ലേച്ഛമായിപ്പോയതും.....

**ജനം :** "ദൈവമേ...കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ"

**ലീഡർ :** പൂർവമാതാപിതാക്കളുടെ വിശ്വാസപാരമ്പര്യവും സഭാസ്നേഹവും ഞങ്ങൾക്ക് അസ്തിത്വം നല്കി എങ്കിലും അവരുടെ സാക്ഷ്യ ജീവിതത്തെ ഉയർത്തിപ്പിടിക്കാൻ കഴിയാതെ പോയതും വിശ്വാസ തീഷ്ണത സ്വജീവിതത്തിൽ പകർത്താൻ കഴിയാതെ പോയതും....

**ജനം :** "ദൈവമേ...കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ"

**ലീഡർ :** അവിടുത്തെ നാവായി സംസാരിക്കേണ്ട ഇടങ്ങളിൽ ഞങ്ങൾ മൗനമായിരുന്നതും അങ്ങയുടെ കരങ്ങളായിത്തീരേണ്ട ഇടങ്ങളിൽ ഞങ്ങൾ നിർജ്ജീവരായിത്തീർന്നതും അങ്ങയുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നിസംഗത പാലിച്ചതും...

**ജനം :** "ദൈവമേ... കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ"

**ലീഡർ :** ദൈവമേ, അവിടുത്തെ ശുശ്രൂഷയും സേവനത്തിന്റെ മാതൃകകളും താഴ്മയുടേതും ഉൾക്കൊള്ളലിന്റെയും ആയിരിക്കെ, സ്ഥാനമാനങ്ങൾക്കായും അധികാരങ്ങൾക്കായും ഞങ്ങൾ വ്യഗ്രതകാട്ടുകയും യോഗ്യമല്ലാത്ത വഴികൾ അവലംബിക്കുകയും ചെയ്തതിനെ...

**ജനം :** "ദൈവമേ... കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ"

**മാർ ബാലായുടെ അപേക്ഷ** (പരസ്യാരാധന ക്രമം പുറം 10)

**ഹാലേലൂയ്യാ...ഹാലേലൂയ്യാ...ഹാലേലൂയ്യാ..** (പരസ്യാരാധന ക്രമം പുറം 11)

**കന്യകമറിയാമന്റെ പാട്ട്** (പരസ്യാരാധന ക്രമം പുറം 11)

**സ്തോത്രപ്രാർത്ഥന**

"യഹോവയ്ക്ക് സ്തോത്രം ചെയ്വീൻ അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്."

*(പ്രതിവാക്യം "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു" )*



**ലീഡർ :** ആഗോളസഭയുടെ ഭാഗമായ മാർത്തോമ്മാ സഭയ്ക്കായും സഭയുടെ സുവിശേഷ വിഹിത ദൗത്യത്തിനായും നവീകരണത്തിന്റെ ആത്മപ്രചോദനത്തിനായും അതതു കാലങ്ങളിൽ സഭയെ നയിച്ച ദൈവദാസർക്കായും ദൈവമേ...

**ജനം :** "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു"

**ലീഡർ :** യുവജനസഖ്യത്തിന്റെ പ്രചോദനവും പരിശീലനവും ജീവിതങ്ങൾക്ക് കരുത്തായിത്തീരുകയും സാക്ഷ്യജീവിതം നയിച്ച് സഭയുടെ യശസ്സുയർത്തുന്നതിനും ദൈവനാമം മഹത്വപ്പെടുന്നതിനും ഇടയായിത്തീരുകയും ചെയ്ത എല്ലാ വ്യക്തികൾക്കായും ദൈവമേ....

**ജനം :** "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു"

**ലീഡർ :** അതതു കാലങ്ങളിൽ യുവജനസഖ്യത്തിന് നേതൃത്വം നല്കിയ ജനറൽ സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ, വൈസ് പ്രസിഡന്റുമാർ, ഖജാൻജിമാർ, ആഫീസ് പ്രവർത്തകർ, വോളന്റിയേഴ്സ് മുതലായവർക്കായും പ്രത്യേകമായി ഈടുറ്റ ദർശനവും കൈത്താങ്ങലും നൽകിയ അഭിവന്ദ്യ തിരുമേനിമാർ എന്നിവർക്കായി ദൈവമേ...

**ജനം :** 'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'

**ലീഡർ :** യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾ, ഫോർമേഷൻ ക്യാമ്പുകൾ, പഠനക്ലാസ്സുകൾ, കലാ-കായിക പരിശീലനങ്ങൾ, സംഗീത ശുശ്രൂഷകൾ, മറ്റ് ഇതര പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ദൈവമേ...

**ജനം :** "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു"

**ലീഡർ :** പൂർണസമയ സുവിശേഷവേലയ്ക്കായും പട്ടത്വശുശ്രൂഷയ്ക്കായും സമർപ്പിതരായ എല്ലാ യുവതീയുവാക്കൾക്കായും, അവരുടെ മാതാപിതാക്കൾ, അദ്ധ്യാപകർ, ഇടവകകൾ, യുവജനസഖ്യം ശാഖകൾ എന്നിവയ്ക്കായും ദൈവമേ....

**ജനം :** "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു"

**സാരാംശത്തിൽ ഏകമായിരിക്കുന്ന...** (പരസ്യാരാധന ക്രമം പുറം 12

**150-ാം മസുമൂർ** (പരസ്യാരാധന ക്രമം പുറം 15)

**മദ്ധ്യസ്ഥ പ്രാർത്ഥന**

*(ഓരോ പ്രാർത്ഥനകൾക്കും "ദൈവമേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ" എന്ന് പ്രതിവാക്യമായി പറയണം.)*

**ലീഡർ :** കാലോചിതമായും സംഗതമായും സഭയ്ക്ക് നേതൃത്വം നൽകാൻ നിയോഗിക്കപ്പെട്ട അഭിവന്ദ്യ തിരുമേനിമാർ, വൈദീകർ, സുവിശേഷകർ, ദയറാക്കാർ, സേവിനിമാർ, അത്മായ നേതാക്കൾ എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു.

**ജനം :** *ദൈവമേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ*

**ലീഡർ :** യുവജനസഖ്യത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കായും പ്രത്യേകിച്ച് സാമൂഹിക പ്രവർത്തനങ്ങൾ, യൂത്ത് ഫോർമേഷൻ ക്യാമ്പുകൾ